പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1987. 06.07.2015 ൽ മറുപടിയ്ക്ക്.

## അമിതവേഗത്തിൽ വാഹനമോടിച്ചതിനുള്ള പിഴ

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അമിതവേഗത്തിൽ വാഹനമോടിച്ചതിന് എത്ര വാഹന ഉടമകൾക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് കേസ് എടുത്തിട്ടുണ്ട് ; | (എ) | അമിത വേഗത്തിൽ വാഹനമോടിച്ചതിന് ക്യാമറ നിരീക്ഷണ സംവിധാനം വഴിയും അല്ലാതെയും 1273310 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. |
| (ബി) | അമിതവേഗത്തിൽ വാഹനമോടിച്ചതിന് ഓരോരുത്തർക്കും എത്ര രൂപയാണ് പിഴ ചുമത്തിയിട്ടുള്ളത് ; ഇങ്ങനെ പിഴ ചുമത്തപ്പെട്ടവരുടെ കൂട്ടത്തിൽ മന്ത്രിമാർ, എം.എൽ.എ.മാർ തുടങ്ങിയ വി.ഐ.പി.കൾ ഉണ്ടോ ; വിശദാംശം നൽകാമോ ; | (ബി) | 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 183 അനുസരിച്ച് അമിതവേഗത്തിൽ വാഹനം ഓടിച്ചവർക്ക് ആദ്യ പ്രാവശ്യം 400/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഈ തെറ്റ് വീണ്ടും ആവർത്തിച്ചവർക്കെതിരെ ആയിരം രൂപ പിഴ ചുമത്തിയിട്ടുണ്ട്. ഇങ്ങനെ പിഴ ചുമത്തപ്പെട്ടവരുടെ കൂട്ടത്തിൽ മന്ത്രിമാർ, എം.എൽ.എ.മാർ തുടങ്ങിയ വി.ഐ.പി.കൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | നോട്ടീസ് ലഭിച്ച് സമയപരിധി കഴിഞ്ഞിട്ടും പിഴ ഒടുക്കാത്തവർ ഉണ്ടോ ; ഇപ്രകാരമുള്ളവരുടെ കൂട്ടത്തിലും വി.ഐ.പി.കൾ ഉണ്ടോ ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. ഇക്കൂട്ടത്തിൽ വി.ഐ.പി.കൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.